# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 407       10.03.2015 ൽ മറുപടിക്ക്

## സബർബൻ റെയിൽവേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സബർബൻ റെയിൽവേയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; എന്നേത്തേയ്ക്ക് ഇത് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (എ) | സബർബൻ റയിൽവേ നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ ഹരിപ്പാട് വരെ ഓട്ടോമാമിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും **MEMU/ EMU** റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013 - ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതു മേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി, 50% തുല്യ പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്.<br>കേരള സർക്കാരിന്റെയും ഇൻഡ്യൻ റെയിൽവേയുടെയും എല്ലാ വിധത്തിലുമുള്ള അനുമതിയും ലഭിക്കുന്ന തീയതി മുതൽ 3 വർഷം കൊണ്ട് പദ്ധതി രൂപീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ